جامعة الهند الإسلامية



THREE YEAR
RESEARCH COURSE, HADEES

# PROSPECTUS-2023

## JAMIATHUL HIND AL ISLAMIYYA

SAMASTHA CENTRE, CALICUT-6
Phone: 0495-2772844 www.jamiathulhind.com

# ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

ഉന്നത മത വിദ്യാഭ്യാസ മേഖലയിലെ പുരോഗതി ലക്ഷ്യം വെച്ച് ആരംഭിച്ച നൂറ് കണക്കിന് ദഅ്‌വാ കോളേജുകൾ, പള്ളി ദർസുകൾ എന്നിവക്ക് അക്കാദമിക്ക് നേതൃത്വം നൽകുന്ന സംരംഭമാണ് ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

അദ്ധ്യാപക പരിശീലനം, വിവിധ വിഷയങ്ങളിലെ ഗ്രന്ഥങ്ങൾ, സഹായക ഗ്രന്ഥങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണം, വിവിധ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്‌സ് തുടങ്ങിയ ധാരാളം പദ്ധതികൾ ജാമിഅതുൽ ഹിന്ദ് നടപ്പിൽ വരുത്തുന്നു.

ജാമിഅയുടെ പ്രവർത്തന മേഖലയിലെ നാഴികക്കല്ലാണ് റിസർച്ച് കോഴ്‌സ്. 2012 ൽ തുടക്കം കുറിച്ച് ഈ സംരംഭം കൂടുതൽ ഫാകൽടികളോടെ വിവിധ സെന്ററുകളിലായി നടപ്പാക്കപ്പെടുകയാണ്.

## റിസർച് കോഴ്സ് ലക്ഷ്യങ്ങൾ

- ഉന്നത പഠന രംഗത്ത് അന്വേഷണാത്മക പഠനത്തിനു ശക്തി പകരുക.
- നിരന്തര മാറ്റങ്ങൾക്ക് വിധേയമാകുന്ന ജീവിത സാഹചര്യങ്ങളിൽ മതനിയമങ്ങളുടെ ഉപയോഗക്ഷമത പരിചയപ്പെടുത്തുക.
- ആധുനിക ശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ ഉന്നത മതപഠന മേഖല കൂടുതൽ സജീവമാക്കുക.

## പ്രത്യേകതകൾ

- ഇന്ത്യയിലും വിദേശത്തുമുള്ള പ്രഗൽഭരായ പണ്ഡിതരുടെ ക്ലാസ്സുകളും ആശയ വിനിമയ ചർച്ചകളും.
- അതാത് വിഷയങ്ങളിൽ ഉന്നത യോഗ്യതയുള്ള വിദഗ്ദരുടെ സേവനവും മാർഗ്ഗ നിർദ്ധേശങ്ങളും ലഭ്യമാക്കുന്നു.
- റിസർച്ച് മെതഡോളജി, അക്കാദമിക് റൈറ്റിംഗ് എന്നിവയിൽ പ്രത്യേക ക്ലാസുകൾ
- മത വിഷയങ്ങളിൽ ഗവേഷണ സാധ്യതകളെ കണ്ടത്തുന്നതിന് പ്രത്യേക കോച്ചിംഗ്
- പ്രഗൽഭരായ ഗൈഡുമാരുടെ മേൽനോട്ടത്തിൽ ഗവേഷണ പ്രബന്ധം തയ്യാറാക്കൽ
- വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ദക്തൂറ ബിരുദത്തിനർഹത
- തിരഞ്ഞെടുക്കുന്നവർക്ക് ഉയർന്ന സ്റ്റൈപ്പന്റ്

## യോഗ്യത

പാരമ്പര്യ ദർസ്, ദഅ്‌വ, ശരീഅത് സമ്പ്രദായത്തിൽ മുത്വവ്വൽ തത്തുല്യ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് അപേക്ഷിക്കാം. ഭൗതിക വിഷയത്തിൽ ഏതെങ്കിലും യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പി.ജി. നിർബന്ധം.

## അപേക്ഷിക്കേണ്ട രീതി

ജാമിഅതുൽ ഹിന്ദിന്റെ വെബ്സൈറ്റ് വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അപേക്ഷാ ഫീസായി 200 രൂപ അടക്കണം.

## ത്രിവത്സര റിസർച്ച് കോഴ്സ് ഘടന

മൂന്ന് വർഷമാണ് കോഴ്സിന്റെ കുറഞ്ഞ കാലാവധി. ഗവേഷണ പ്രബന്ധം പൂർത്തിയാക്കാത്തവർക്ക് ആറ് മാസം നീട്ടി നൽകുന്നതാണ്.

നിലവിൽ ഹദീസ് വിഭാഗത്തിലേക്കാണ് അപേക്ഷിക്കാൻ അവസരം.

## സെന്റർ

ജാമിഅ ഇഹ്‌യാഉസ്സുന്ന
ഒതുക്കുങ്ങൽ, മലപ്പുറം

## ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്

ഇ. സുലൈമാൻ മുസ്‌ലിയാർ



# സിലബസ്

മതരംഗത്തെ ആധികാരിക ഉന്നത ഗ്രന്ഥങ്ങളും ഭൗതിക തലത്തിലെ പുതിയ ഗവേഷണങ്ങളും ഭാഷാ പരിശീലനവും സിലബസിൽ ഉൾപ്പെടുന്നു. വിശദവിവരങ്ങൾ കോഴ്സിന്റെ ആദ്യഘട്ടത്തിൽ നൽകപ്പെടും.

# ക്ലാസുകൾ

ആഴ്ചയിൽ 5 ദിവസം ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. സ്ഥിരം ഫാക്കൽടികളും വിസിറ്റിംഗ് ഫാക്കൽറ്റികളും ഉണ്ടായിരിക്കും മുഴുവൻ ക്ലാസുകളിലും ഹാജർ നിർബന്ധമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം ലീവ് അനുവദിക്കുന്നതാണ്. ക്ലാസുകളിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയം റഫൻസുകളുടെ സഹായത്തോടെ അതതു ദിവസം നോട്ട് പൂർത്തിയാക്കി മുശ്രിഫിന്റെ അംഗീകാരം വാങ്ങണം.

## സെമിനാർ

വിത്യസ്ഥ വിഷയങ്ങളിൽ സെമിനാറുകൾ കോഴ്സിന്റെ ഭാഗമായി പഠിതാക്കൾ നടത്തേണ്ടതാണ്.

## പരീക്ഷകൾ

വർഷാവസാനം വിവിധ പഠന വിഷയങ്ങളിൽ പരീക്ഷ നടക്കുന്നതാണ്.

## സ്റ്റൈപ്പന്റ്

കോഴ്സിന് പ്രവേശനം ലഭിച്ചവർക്ക് മാസാന്തം 10000 രൂപ സ്റ്റൈപ്പന്റായി നൽകപ്പെടും.

## ദക്തൂറ

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ദക്തൂറ നൽകപ്പെടും

# ഉന്നതാധികാര സമിതി



സയ്യിദ് അലി ബാഫഖി തങ്ങൾ
സയ്യിദ് ഇബ്റാഹിം ഖലീൽ ബുഖാരി തങ്ങൾ
ഇ സുലൈമാൻ മുസ്‌ലിയാർ
കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ
കോട്ടൂർ കുഞ്ഞമു മുസ്‌ലിയാർ
പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ
ഹൈദ്രസ് മുസ്‌ലിയാർ കൊല്ലം

جامعة الهند الإسلامية

# JAMIATHUL HIND AL ISLAMIYYA

SAMASTHA CENTRE,
CALICUT-6

0495-277 2844
+91 8075 766 576

jamiathulhind@gmail.com

www.jamiathulhind.com